# മഹാത്മാഗാന്ധി സർവ്വകലാശാല

**ലാലപ്പൻ സി.ആർ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9207291798

പി.ആർ.ഒ./39/152/2018 2018 ജൂലൈ 14

## <u>പത്രക്കുറിപ്പ്</u>

**എം.ജിയിൽ സിവിൽ സർവ്വീസ് പരിശീലനകേന്ദ്രത്തിന് തുടക്കമായി**

# സർവ്വവിജയത്തിനും ആധാരം പരന്ന വായന - വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്

പരന്ന വായനയിലൂടെ മാത്രമേ സർവ്വ മേഖലയിലും വിജയിച്ച മുന്നേറാൻ കഴിയൂ എന്ന് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പ്രസ്താവിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാലാ ലൈഫ്‌ലോങ് ലേർണിംഗ് വകുപ്പിൽ തുടങ്ങിയ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്ത സംസാരിക്കുകയായിരുന്ന അദ്ദേഹം. വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗതി നവീനാശയങ്ങളിൽ അധിഷ്ഠിതമാണ്. ഉത്കൃഷ്ട വായന ഇതിന് അനിവാര്യവും - മന്ത്രി പറഞ്ഞു.

രാജ്യത്തെ മികച്ച പത്ത് സർവ്വകലാശാലകളിലൊന്നാകാൻ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് സർവ്വവിധ പിന്തുണയും നൽകുമെന്നും പരീക്ഷാനടത്തിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർവ്വകലാശാല നടത്തിയ മുന്നേറ്റം നിയമസഭയുടെ അഭിനന്ദനം നേടിയ കാര്യവും മന്ത്രി അനുസ്മരിച്ചു.

മത്സര പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട 60 വിദ്യാർത്ഥികൾക്ക് മികച്ച സൗകര്യങ്ങളാണ് സർവ്വകലാശാല സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരുക്കയിരിക്കുന്നത്. ഡൽഹി എഎൽഎസ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് സാറ്റലൈറ്റ് ക്ലാസ്സുകളും സംഘടിപ്പിക്കുന്നതാണ്. മുൻ ഡിജിപി. ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. ആണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓണററി ഡയറക്ടർ.

വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ് സ്വാഗതം പറഞ്ഞു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, പ്രൊഫ. വി.എസ്. പ്രവീൺകുമാർ, രജിസ്ട്രാർ പ്രൊഫ. എം.ആർ. ഉണ്ണി, വകുപ്പ് മേധാവി കെ.എ. മഞ്ജൂഷ, ഡയറക്ടർ ഡോ. ആർ.എസ്. സന്ധ്യ എന്നിവർ സംസാരിച്ചു.

അടിക്കുറിപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാലാ ലൈഫ് ലോങ്ങ് ലേണിംഗ് വകുപ്പിൽ തുടങ്ങിയ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ്, സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. ഷെറഫുദ്ദീൻ, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, പ്രൊഫ. വിഎസ്. പ്രവീൺകുമാർ, രജിസ്ട്രാർ പ്രൊഫ. എം.ആർ. ഉണ്ണി, വകുപ്പ് മേധാവി കെ.എ. മഞ്ജുഷ, ഡയറക്ടർ ആർ.എസ്. സന്ധ്യ എന്നിവർ സമീപം

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)